പായിപ്ര ഗ്രാമപഞ്ചായത്ത്

പായിപ്ര ഗവ. യു. പി. സ്കൂൾ

മാനാറി തപാൽ

എറണാകുളം - 686673

ഫോൺ - 9961935570

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26 അധ്യയന വർഷം.

അക്കാദമിക മികവ്
വിദ്യാലയ മികവ്

നാട്ടിലെ വിദ്യാലയം
നമ്മുടെ വിദ്യാലയം.

# ദർശനം.

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി വിവക്ഷിക്കുന്ന രീതിയിൽ പായിപ്ര ഗവ. യു. പി സ്കൂളിലെ ഓരോ വിദ്യാർത്ഥിക്കും തുല്യതയോടെ അതാത് തലങ്ങളിലുള്ള പഠന-ലക്ഷ്യങ്ങൾ ആധുനിക സങ്കേതങ്ങളെ പരമാവധി പ്രയോജനപ്പെടുത്തി, ആസ്വാദ്യ-കരമായി ലഭ്യമാകാൻ ഉതകുന്ന രീതിയിൽ ഓരോ ക്ലാസ്സ് മുറിയിലും നല്ല പഠനാന്തരീ-ക്ഷവും മികച്ച പഠന രീതികളും.

## ലക്ഷ്യങ്ങൾ.

1. പാഠ്യപദ്ധതി മുന്നോട്ട് വച്ചിട്ടുള്ള പഠന ലക്ഷ്യങ്ങൾ എല്ലാ കുട്ടികളും നേടുന്നതിന് ആവശ്യമായ സാഹചര്യം ഉറപ്പാക്കൽ.
2. വിദ്യാഭ്യാസരംഗത്തെ സാമൂഹ്യനീതി ഉറപ്പാ-ക്കുന്നതിന് എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി-യും ഉൾച്ചേർത്തും ഉൾക്കൊണ്ടും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ
3. കുട്ടികളെ ശാസ്ത്രീയമായി വിലയിരുത്തു-ന്നതിനൊപ്പം അവർക്ക് സ്വയം വില-യിരുത്തുന്നതിനും പരസ്പരം

വിലയിരുത്തുന്നതിനും അതുവഴി നിരന്തര-
മായി മെച്ചപ്പെടുന്നതിനും ആവശ്യമായ പിന്തുണ
നൽകൽ. ഇതിനാവശ്യമായ നൂതനമായ
വിലയിരുത്തൽ ഉപാധികളും തന്ത്രങ്ങളും
നടപ്പാക്കൽ.

4. സവിശേഷ പരിഗണന അർഹിക്കുന്ന
എല്ലാ വിദ്യാർത്ഥികളെയും പഠനത്തിന്റെ
ഭാഗമായി ഉൾച്ചേർക്കുന്നതിനും പഠന
പ്രവർത്തനങ്ങളിൽ ആവശ്യമായ
അനുരൂപീകരണം നടത്തുന്നതിനും
വേണ്ടിയുള്ള തയ്യാറെടുക്കൽ

5. കുട്ടികളിലെ വ്യക്തിവ്യത്യാസം ഉൾക്കൊണ്ടുകൊണ്ട്
പഠനമുന്നേറ്റത്തിന് ആവശ്യമായ പഠനതന്ത്ര-
ങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കൽ.

6. ഓരോ കുട്ടിയെയും ഓരോ യൂണിറ്റായി
പരിഗണിച്ചുകൊണ്ട് വ്യക്തിഗത മാസ്റ്റർ പ്ലാൻ
രൂപീകരിച്ച് നിർവ്വഹണ പദ്ധതി തയ്യാറാക്കി
നടപ്പാക്കൽ.

7. വാർഷിക പഠനലക്ഷ്യങ്ങൾ മുൻകൂട്ടികണ്ട്
കുട്ടികളുടെ സമഗ്രവികസനം ഉറപ്പാക്കുന്നു.

8. കുട്ടികളെ പരിഗണിച്ചുകൊണ്ട് അറിവ്
നിർമ്മാണ പ്രക്രിയ ഉറപ്പുവരുത്തുകയും
പഠനതന്ത്രങ്ങൾ ആസൂത്രണം

ചെയ്യുകയും ഗവേഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് വിജയിപ്പിക്കുകയും ചെയ്യും..

9. പദ്ധതിയുടെ ഓരോ ഘട്ടത്തിലും നടത്തുന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ ഫലപ്രാപ്തി വിശകലനം നടത്തി പഠന പിന്തുണ ഉറപ്പാക്കുന്നു.
10. വിദ്യാലയവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന വ്യത്യസ്ത ജനകീയ സമിതികൾക്ക് റോൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിനാവശ്യമായ പരിപാടികൾ നടപ്പാക്കൽ.
11. രക്ഷാകർതൃ വിദ്യാഭ്യാസം ശക്തിപ്പെടുത്തൽ.
12. വിദ്യാർത്ഥികളും വിദ്യാർത്ഥികളും തമ്മിലും വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും അധ്യാപകരും അധ്യാപകരും തമ്മിലും അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
13. ഓരോ അധ്യാപികയും ആധുനിക സാങ്കേതിക വിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.
14 വിദ്യാലയത്തിലെ പഠന പിന്തുണാ സംവിധാനങ്ങളായ ലബോറട്ടറി,

ലൈബ്രറി എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്യമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

15. വിദ്യാർത്ഥികൾക്ക് ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാ, കായിക, പ്രവൃത്തി പരിചയ പഠന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.

16. വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.

## അക്കാദമിക പ്രവർത്തനങ്ങൾ

* കുട്ടികളുടെ പഠനമികവിനും സർഗാത്മക കഴിവുകൾക്കും മികച്ച സാഹചര്യമൊരുക്കും. സ്കൂൾ അന്തരീക്ഷം ഗുണമേന്മാ വിദ്യാഭ്യാസത്തിന് അനുഗുണമായ രീതിയിൽ പരിവർത്തനം ചെയ്യും.
* പഠനത്തിൽ കുട്ടികളുടെ പൊതുവായതും വ്യക്തിഗതവുമായ ആവശ്യങ്ങൾ മനസ്സിലാക്കി അതനുസരിച്ച് പഠനരീതികൾ രൂപീകരിക്കുന്നു.
* വിഷയങ്ങളെ ആഴത്തിൽ മനസ്സിലാക്കാൻ സഹായിക്കുന്ന പരിപാടികൾ നടപ്പാക്കും.

* കേവലമായ അറിവിന്റെ വിലയിരുത്തലിന് പകരം നേടിയ അറിവുകൾ വ്യത്യസ്ത സന്ദർഭങ്ങളിൽ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിയുന്ന കഴിവും വിരുതും കുട്ടികൾ നേടിയെടുക്കുന്നുണ്ടെന്ന് ഉറപ്പാക്കും.

* വിദ്യാഭ്യാസ രംഗത്ത് നൂതനങ്ങളായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പ്രവർത്തന മാതൃകകൾക്ക് പ്രചരണം നൽകും.

* സന്മാർഗ്ഗ ഗുണമേന്മാ പാഠ്യപദ്ധതി പ്രകാരം ആരോഗ്യം, ശുചിത്വം, ലഹരി ബോധവൽക്കരണം, പൊതുമുതൽ സംരക്ഷണം എന്നിവയെക്കുറിച്ച് ക്ലാസ്സുകൾ കൊടുക്കും.

## അവസ്ഥാ പഠനം – പ്രധാന കണ്ടെത്തലുകൾ.

### ഭാഷ

കോവിഡ് വ്യാപനത്തെത്തുടർന്നുണ്ടായ പഠന വിടവിൽ കുട്ടികൾ അഭിമുഖീകരിക്കുന്നതായി കണ്ട ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഭാഷാ പ്രകടന പോരായ്മയാണ്. ഇതിനെ മറികടക്കാൻ സ്കൂളിൽ തെളിച്ചം പദ്ധതി (1-ാം ഘട്ടം) നടത്തുകയും ഇതിന്റെ ഫലമായി മലയാള ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ എണ്ണം ഗണ്യമായി കുറയ്ക്കാൻ കഴിയുകയും ചെയ്തു.

തെളിച്ചം 8-10 ഘട്ട പരിശീലന പരിപാടിയിലൂടെ ഇംഗ്ലീഷ് ഭാഷയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കാൻ കഴിഞ്ഞു.

## മേഖല - വായന (1 - 7 വരെ) @ 2025 മാർച്ച്

| ക്ലാസ് | ആകെ എണ്ണം | ആശയവ്യക്തതയോടെ സ്വതന്ത്രമായി വായിക്കുന്നു. | അധ്യാപകന്റെ സഹായത്തോടെ വായിക്കുന്നു. | വായിക്കാൻ ശ്രമിക്കുന്നു. |
|---|---|---|---|---|
| 1 | | | | |
| 2 | | | | |
| 3 | | | | |
| 4 | | | | |
| 5 | | | | |
| 6 | | | | |
| 7 | | | | |

## മേഖല - ലേഖനം @ മാർച്ച് 2025

| ക്ലാസ് | ആകെ എണ്ണം | ആശയവ്യക്തതയോടെ സ്വതന്ത്രമായി എഴുതുന്നു | ആശയവ്യക്തതയോടെ ചെറിയ തെറ്റുകൾ വരുത്തി എഴുതുന്നു | അധ്യാപകന്റെ സഹായത്തോടെ എഴുതുന്നു | എഴുതാൻ ശ്രമിക്കുന്നു |
|---|---|---|---|---|---|
| 1 | | | | | |
| 2 | | | | | |
| 3 | | | | | |
| 4 | | | | | |
| 5 | | | | | |
| 6 | | | | | |
| 7 | | | | | |

# ENGLISH

Most of the students in Govt. UPS Paipra are very poor in English. Because they are not use in English in their day to day life. So they could not get a chance to express their ideas and thoughts. Their English language knowledge are very poor.

Area_Reading (1 to 7) @ March 2025

| Class | Total strength | Read independently | Read with the help of Tr | Try to read |
|---|---|---|---|---|
| 1 | | | | |
| 2 | | | | |
| 3 | | | | |
| 4 | | | | |
| 5 | | | | |
| 6 | | | | |
| 7 | | | | |

# ഗണിതം.

ഒന്നാം ക്ലാസ് മുതലുള്ള കുട്ടികൾ ഗണിത പഠനത്തിൽ വലിയ പ്രതിസന്ധികൾ നേരിടുന്നുണ്ട്. അധ്യാപകൻ പറയുന്ന കാര്യങ്ങൾ കുട്ടികൾക്ക് ഗ്രഹിക്കാൻ പ്രയാസമായി വരുന്നു. അധ്യാപകർക്ക് ഗണിത ശാസ്ത്ര ബോധന രീതികൾ ശരിയായ പരിശീലനത്തിലൂടെ ഈ പ്രശ്നം പരിഹരിക്കാം. ഗണിത വിജയവും ഉല്ലാസഗണിതവും ഇതിന് പര്യാപ്തമായിരിക്കണം.

## മേഖല – ചതുഷ്ക്രിയകൾ (LP വിഭാഗം)

| ക്ലാസ് | ആത്തെ എണ്ണാം | കുട്ടി സ്വയം ചെയ്യുന്നു. | അധ്യാപകന്റെ സഹായത്തോടെ ചെയ്യുന്നു. | ശ്രമം നടത്തുന്നു. |
|---|---|---|---|---|
| 1 | | | | |
| 2 | | | | |
| 3 | | | | |
| 4 | | | | |
| 5 | | | | |
| 6 | | | | |
| 7 | | | | |

ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കി കൃത്യതയോടെ ഉത്തരം കണ്ടെത്തുന്നതിന് (1 – 7)

| ക്ലാസ് | തനിയെ ചെയ്യും | കുട്ടി സ്വയം ചെയ്യുന്നു. | അധ്യാപകന്റെ സഹായത്തോടെ ചെയ്യുന്നു | ശ്രമം നടത്തുന്നു. |
|---|---|---|---|---|
| 1 | | | | |
| 2 | | | | |
| 3 | | | | |
| 4 | | | | |
| 5 | | | | |
| 6 | | | | |
| 7 | | | | |

## ശാസ്ത്രം.

പ്രകൃതി ബന്ധിതമായ ആ സത്യത്തിന്റെ കുറവ് ശാസ്ത്രവിഷയത്തിലെ പഠന പിന്നോക്കാവസ്ഥക്ക് കാരണമാകുന്നു എന്നത് സ്വയം വിമർശനമായി കാണുന്നു. കാരണം കുട്ടിക്ക് ശാസ്ത്രത്തോട് അഭിരുചി വർധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ തുടർച്ചയും വളർച്ചയുമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് ചെയ്യുന്നതിന് സമയം അനുവദിക്കാറില്ല. ആയതിനാൽ പാഠപുസ്തകത്തിനുമപ്പുറം പ്രവർത്തനങ്ങളിലേക്ക് കടക്കാൻ അധ്യാപകന് കഴിയുന്നില്ല. ഈ പരിമിതികളെ മറികടക്കാൻ വിദ്യാലയത്തിന് കഴിയേണ്ടതുണ്ട്.

മേഖല - ശാസ്ത്രീയമായ കാര്യങ്ങളുടെ വിശകലനവും രേഖപ്പെടുത്തലും (3-7)

| ക്ലാസ്സ് | ആകെ എണ്ണം | കുട്ടി സ്വയം ചെയ്യുന്നു | അധ്യാപകന്റെ സഹായത്തോടെ ചെയ്യുന്നു. | ശ്രമം നടത്തുന്നു. |
|---|---|---|---|---|
| 3 | | | | |
| 4 | | | | |
| 5 | | | | |
| 6 | | | | |
| 7 | | | | |

മേഖല: ശാസ്ത്രീയമായ അഭിരുചി വളർത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. (3 മുതൽ 7 വരെ)

| ക്ലാസ് | ആകെ എണ്ണം | കുട്ടി സ്വയം ഏർപ്പെടുന്നു | അധ്യാപകന്റെ സഹായത്തോടെ ഏർപ്പെടുന്നു. | ശ്രമം നടത്തുന്നു. |
|---|---|---|---|---|
| 3 | | | | |
| 4 | | | | |
| 5 | | | | |
| 6 | | | | |
| 7 | | | | |

ശേഷി - ശാസ്ത്രപരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.
(3-7 വരെ)

| ക്ലാസ്സ് | ആകെ കുട്ടികൾ | സ്വതന്ത്രമായി ആസൂത്രണം ചെയ്ത് അനുയോജ്യമായ ഉപകരണങ്ങൾ തെരഞ്ഞെടുത്ത് പരീക്ഷണം നടത്തി നിഗമനത്തിലെത്തിച്ചേരുന്നു. | പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു നിഗമനത്തിലെത്തിച്ചേരാൻ കഴിയുന്നില്ല. | അധ്യാപകന്റെ സഹായത്തോടെ പരീക്ഷണം ചെയ്യുന്നു. |
|---|---|---|---|---|
| 3 | | | | |
| 4 | | | | |
| 5 | | | | |
| 6 | | | | |
| 7 | | | | |

ശേഷി:- ചെയ്ത പരീക്ഷണത്തിന്റെ കുറിപ്പ് തയ്യാറാക്കുന്നു.

| ക്ലാസ്സ് | ആകെ കുട്ടികൾ | പരീക്ഷണ കുറിപ്പ് സ്വയം തയ്യാറാക്കുന്നു. | കുട്ടികൾ അധ്യാപകന്റെ സഹായത്തോടെ തയ്യാറാക്കുന്നു. | ശ്രമം നടത്തുന്നു. |
|---|---|---|---|---|
| 3 | | | | |
| 4 | | | | |
| 5 | | | | |
| 6 | | | | |
| 7 | | | | |

## സാമൂഹ്യശാസ്ത്രം.

സാമൂഹ്യബോധമുള്ള വിദ്യാർത്ഥിയെ സൃഷ്ടിക്കുന്നതിൽ വിദ്യാലയത്തിന്റെ പങ്ക് ഏറെ വലുതാണ്. ഒരു പൊതുയിടം എന്നനിലയിൽ

കുട്ടിയുമായി ഏറ്റവും കൂടുതൽ ബന്ധപ്പെടുന്ന-തും വിദ്യാലയം തന്നെയാണ്. പായിപ്പ ഗവ. യു. പി. സ്കൂളിനെ സംബന്ധിച്ച് പൊതു-ബോധം കുട്ടികളിൽ ഉണ്ടാക്കുക എന്ന ലക്ഷ്യ-ത്തോടെ നിരവധി പ്രവർത്തനങ്ങളാണ് ഏറ്റെടുത്ത് നടത്തുന്നത്. കഴിഞ്ഞ കുറെ വർഷങ്ങളായി നമ്മൾ നടത്തിയ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ സമൂഹത്തിലുണ്ടാക്കിയ സ്വാധീനം വളരെ വലുതാണ്. ഒരു വിഷയം എന്ന സമീപനത്തോടെ സാമൂഹ്യശാസ്ത്രത്തെ അടുത്തറിയുമ്പോൾ നമ്മുടെ കുട്ടികൾ ഇനിയും ഉയരേണ്ടതുണ്ട്.

മേഖല : തന്റെ നാടുമായി ബന്ധപ്പെട്ട് അടിസ്ഥാന കാര്യങ്ങളെക്കുറിച്ച് ധാരണ.

| ക്ലാസ്സ് | ആകെ കുട്ടികൾ | അടിസ്ഥാന കാര്യങ്ങൾ സ്വയം രേഖപ്പെടുത്തുന്നു. | അധ്യാപകന്റെ സഹായത്തോടെ രേഖപ്പെടുത്തുന്നു. | ശ്രമം നടത്തുന്നു. |
|---|---|---|---|---|
| 3 | | | | |
| 4 | | | | |
| 5 | | | | |
| 6 | | | | |
| 7 | | | | |

മേഖല: തന്റെ ചുറ്റുപാടുകളുമായി ബന്ധപ്പെട്ട അടിസ്ഥാന വിവരങ്ങൾ സ്വയം കണ്ടെത്തി രേഖപ്പെടുത്തുന്നതിന്.

| ക്ലാസ് | ആകെ കുട്ടികൾ | സ്വയം കണ്ടെത്തുന്നു. | അധ്യാപകന്റെ സഹായത്തോടെ കണ്ടെത്തുന്നു | ശ്രമം നടത്തുന്നു. |
|---|---|---|---|---|
| 3 | | | | |
| 4 | | | | |
| 5 | | | | |
| 6 | | | | |
| 7 | | | | |

മേഖല: ഭൂപടം പരിശോധിച്ച് വിശകലനം ചെയ്യുന്നതിന്.

| ക്ലാസ് | ആകെ കുട്ടികൾ | സ്വയം വിശകലനം ചെയ്യുന്നു. | അധ്യാപകന്റെ സഹായത്താൽ ചെയ്യുന്നു. | ശ്രമം നടത്തുന്നു. |
|---|---|---|---|---|
| 3 | | | | |
| 4 | | | | |
| 5 | | | | |
| 6 | | | | |
| 7 | | | | |

മേഖല: ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ കണ്ടെത്തി എഴുതുവാൻ കഴിയുന്നു.

| ക്ലാസ്സ് | ആകെ കുട്ടികൾ | സ്വയം എഴുതുന്നു. | അദ്ധ്യാപകന്റെ സഹായത്തിൽ എഴുതുന്നു. | ശ്രമം നടത്തുന്നു. |
|---|---|---|---|---|
| 6 | | | | |
| 7 | | | | |

മേഖല: ചരിത്രാന്വേഷണം.

| ക്ലാസ് | ആകെ കുട്ടികൾ | ആവശ്യമായ ദത്തങ്ങൾ സ്വയം ശേഖരിച്ച് അവ ഗ്രഹിച്ച് നിഗമനത്തിലെത്തി ചരിത്ര രചന പൂർത്തിയാക്കുന്നു. | ദത്തങ്ങൾ ശേഖരിക്കുന്ന അധ്യാപകന്റെ സഹായത്തോടെ പൂർത്തിയാക്കുന്നു. | ശ്രമിക്കുന്നു. |
|---|---|---|---|---|
| 5 | | | | |
| 6 | | | | |
| 7 | | | | |

## പാഠ്യപദ്ധതി വിനിമയം.

ക്ലാസ്സ് റൂമുകളിൽ ഉദ്ദേശിക്കുന്ന തരത്തിൽ പാഠ്യപദ്ധതി വിനിമയം ചെയ്യാൻ കഴിയുന്നില്ല എന്നത് ഒരു വസ്തുതയാണ്. SRG യോഗത്തിൽ

കൃത്യമായി ആസൂത്രണം നടത്തി ബുദ്ധിമുട്ടുകൾ കൂട്ടായി ചർച്ച ചെയ്ത് സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി പ്രകാരം കുട്ടിയെ ഒരു ~~unit~~ unit ആയി എടുത്ത് പോരായ്മകൾ പരിഹരിക്കും.

ഓരോ SRG യോഗങ്ങളിലും പാഠ്യപദ്ധതി ആവശ്യപ്പെടുന്ന തരത്തിൽ ക്ലാസ് വിനിമയം ചെയ്യാൻ അധ്യാപകന് കഴിയുന്നുണ്ടോ എന്ന് വിലയിരുത്തും ഇതിനായി

* പ്രക്രിയാ ബന്ധിതമായി ആസൂത്രണം നടത്തുന്നു.
* കുട്ടിയുടെ സ്വയം വിലയിരുത്തലിന് അവസരം
* കുട്ടികൾ തമ്മിലുള്ള പരസ്പരം വിലയിരുത്തുന്നതിനുള്ള അവസരം

പഠനാന്തരീക്ഷം.

മെച്ചപ്പെട്ട പഠനാന്തരീക്ഷം ഉറപ്പാക്കുന്നതിന്

* അനുയോജ്യമായ പഠനോപകരണങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കും.
* Smart class-കൾ കാര്യക്ഷമമാക്കും.
* ക്ലാസ് മുറികളിലെ ജനാധിപത്യം, അവസര സമത്വം, സ്വാതന്ത്ര്യചിന്ത, ലിംഗസമത്വം

എല്ലാ വിഭാഗം കുട്ടികളെയും ഉൾക്കൊള്ളുന്ന അന്തരീക്ഷം ഉറപ്പാക്കും.

* അധ്യാപക- വിദ്യാർത്ഥി ബന്ധം ഊഷ്മളമാക്കും.
* ഭിന്നശേഷി സൗഹൃദക്ലാസ്മുറി, നടപ്പാത, ശുചിമുറി, ഭക്ഷണശാല എന്നിവ തയ്യാറാക്കും
* ക്ലാസ്മുറികളുടെ സജ്ജീകരണം മികച്ചതാക്കും.

## അധ്യാപകർ.

പാഠ്യപദ്ധതിക്ക് അനുസൃതമായി പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും വിലയിരുത്തുന്നതിനും അധ്യാപകർക്ക് കഴിയുന്നുണ്ടോ എന്ന് സ്വയം വിലയിരുത്തേണ്ടത് അത്യാവശ്യമാണ്. ഇതിന് താഴെപ്പറയുന്ന കാര്യങ്ങൾ SRG ഉറപ്പാക്കും.

- സ്വാതന്ത്ര്യവും നിർഭയവുമായ അന്തരീക്ഷം.
- പഠനസാമഗ്രികളുടെ യഥാസമയം ലഭ്യത
- ആവശ്യമായ പ്രാദേശിക വിഭവങ്ങൾ (സാമഗ്രികളുടെ ലഭ്യത)
- മികച്ച സാമൂഹിക ചിന്തന.
- ദൈനംദിനാസൂത്രണവും സമഗ്രാസൂത്രണവും
- മികച്ച അധ്യാപക- രക്ഷാകർത്തൃബന്ധം.

## ഭൗതിക സാഹചര്യം.

പായിപ്ര ഗവ. യു. പി. സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിന് താഴെ പറയുന്ന കാര്യങ്ങൾ ഉറപ്പാക്കും.

- പരിസ്ഥിതി സൗഹൃദ - വിദ്യാർത്ഥി,
- സൗഹൃദ സ്കൂൾ - ക്ലാസ് അന്തരീക്ഷം.
- വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ലാബോറട്ടറികൾ (ശാസ്ത്രം, ഗണിതം)
- ക്ലാസ് ലൈബ്രറി
- കളിസ്ഥലം, കളിയുപകരണം.
- മതിയായ എണ്ണം ശുചിമുറികൾ, ഗേൾസ് ഫ്രണ്ട്ലി ടോയ്ലറ്റുകൾ, ഭിന്നശേഷി സൗഹൃദ ക്ലാസ് മുറികൾ.
- ശുദ്ധജല ലഭ്യത
- വിദ്യാർത്ഥി സൗഹൃദ, ഭിന്നശേഷി സൗഹൃദ ഫർണിച്ചർ
- മികച്ച പാചകമുറി, ഭക്ഷണശാല
- പോഷകസമൃദ്ധമായ ഉച്ചഭക്ഷണം
- ഗതാഗത സൗകര്യം

## സാമൂഹ്യ ഇടപെടലുകൾ.

പായിപ്ര ഗവ. യു. പി സ്കൂളിന്റെ വളർച്ചയുടെ അടിസ്ഥാന കാരണം വിദ്യാലയത്തിന് സമൂഹവുമായുള്ള ബന്ധമാണ്. മൂവാറ്റുപുഴ വിദ്യാഭ്യാസ ഉപജില്ലയിൽ ഏറ്റവും മികച്ച സാമൂഹ്യ ഇടപെടൽ നടത്തുന്ന പൊതുവിദ്യാലയം പായിപ്ര ഗവ. യു. പി. സ്കൂളാണ്. മുൻവർഷങ്ങളിലെ ഗ്രാമപഞ്ചായത്തു ഭരണസമിതികളും PTA, SMC, സ്കൂൾ വികസന സമിതി എന്നിവയുടെ പിന്തുണയും വിദ്യാലയത്തെ ഒരുപാട് സഹായിച്ചു.

## വിദ്യാലയം നേരിടുന്ന പ്രശ്നങ്ങൾ വെല്ലുവിളികൾ.

പായിപ്ര ഗവ. യു. പി സ്കൂൾ നേരിടുന്ന പ്രധാന പ്രശ്നം കുട്ടികൾ വിവിധ വിഷയങ്ങളിൽ നേരിടുന്ന പഠന പിന്നോക്കാവസ്ഥയും, അന്യസംസ്ഥാന കുട്ടികളുടെ തള്ളിക്കയറ്റവുമാണ്. അക്കാദമികമായ പഠനവിടവുകൾ പരിഹരിക്കുക എന്നതാണ് ഏറ്റവും വലിയ വെല്ലുവിളിയായി കാണുന്നത്. 2025-26 അധ്യയന വർഷം അക്കാദമിക മികവ് വിദ്യാലയ മികവ് എന്ന നയത്തിൽ നിന്ന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും.

| മേഖല | പ്രശ്നങ്ങൾ | കാരണങ്ങൾ |
|---|---|---|
| ഭാഷ | സ്വതന്ത്രവായനയിലും ലേഖനത്തിലും പ്രശ്നം | • തുടർപ്രവർത്തനങ്ങളുടെ അഭാവം<br>• വീട്ടിൽ നിന്നുള്ള ശ്രദ്ധക്കുറവ്<br>• വിലയിരുത്തൽ കുറവ് |
| ഭാഷ | വ്യവഹാരരൂപങ്ങളെക്കുറിച്ച് ധാരണയില്ലായ്മ | • വ്യവഹാരരൂപ നിർമിതിയുടെ പ്രക്രിയ പാലിക്കുന്നില്ല.<br>• അധ്യാപകരുടെ ധാരണയില്ലായ്മ<br>• പരിശീലനക്കുറവ് |
| ഭാഷ | അധികവായനയുടെ അപര്യാപ്തത | • സ്കൂൾ ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമല്ലാത്തത് |
| ഭാഷ | മലയാള ഭാഷയോട് താല്പര്യക്കുറവ് | • മാതൃഭാഷയുടെ പ്രാധാന്യം അറിയില്ല |
| ഇംഗ്ലീഷ് ഭാഷ | ഇംഗ്ലീഷ് സ്വതന്ത്രമായി കൈകാര്യം ചെയ്യാൻ കഴിയുന്നില്ല. | • ഇംഗ്ലീഷ് ഭാഷയോടുള്ള പേടി കാരണം സ്വതന്ത്രമായി കൈകാര്യം ചെയ്യുന്നതിനുള്ള തടസ്സം |
| ഹിന്ദി | ഹിന്ദി ഭാഷാ പഠനം ഒരു വെല്ലുവിളിയായി മാറിയിരിക്കുന്നു. | കേൾക്കുന്നതിനും പ്രയോഗിക്കുന്നതിനും അവസരം കുറവ്. |

| | | |
|---|---|---|
| ഗണിതം | ഗണിതാശയങ്ങൾ കുട്ടിയിൽ ഉറയ്ക്കുന്നില്ല.<br>നേടേണ്ട അടിസ്ഥാന ധാരണകൾ നേടിയിട്ടില്ല. | • അടിസ്ഥാന ആശയങ്ങൾ ഉറയ്ക്കുന്നില്ല.<br>• പ്രശ്നപരിഹാരത്തിന് കഴിയുന്നില്ല.<br>• മികച്ച പരിശീലനത്തിന്റെ അഭാവം |
| ശാസ്ത്രം | ശാസ്ത്രീയമായ കാഴ്ചപ്പാടുകൾ വികസിക്കുന്നില്ല<br>ശാസ്ത്ര പരീക്ഷണങ്ങൾ സ്വയം ചെയ്യാൻ കഴിയുന്നില്ല. | • ശാസ്ത്ര പഠനത്തിന്റെ സത്ത ഉൾക്കൊണ്ട് പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയാത്തത്<br>• കൃത്യമായ പരിശീലനത്തിന്റെ അഭാവം<br>• ശാസ്ത്ര പരീക്ഷണത്തിലേർപ്പെടാനുള്ള പഠനോപകരണങ്ങൾ കുറവ് |
| സാമൂഹ്യ ശാസ്ത്രം | സാമൂഹ്യശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട് അധികവായനയില്ലായ്മ.<br>ചരിത്രരചനത്ത് ധാരണയില്ലായ്മ.<br>ചരിത്രബോധം കുറവ്<br>നവോത്ഥാന മൂല്യങ്ങൾ മനോഭാവങ്ങൾ എന്നിവയിൽ ധാരണക്കുറവ് | • വായനശാലയുടെ പ്രവർത്തനം കാര്യക്ഷമമല്ലാത്തതും റഫറൻസ് പുസ്തകങ്ങളുടെ അഭാവവും<br>• യഥാർത്ഥ മാതൃകയുടെ അഭാവം<br>• പ്രായോഗികമായ ഇടപെടലുകൾ കുറവ്<br>• യഥാർത്ഥ ചരിത്രം കുട്ടിയിലേക്ക് എത്തിക്കാൻ കഴിയുന്നില്ല. വിനിമയത്തിന്റെ അപാകത |
| കല കായികം | കലാകായിക പ്രവൃത്തിപരമായ മേഖലയിൽ വേണ്ട രീതിയിൽ ശ്രദ്ധകേന്ദ്രീകരിക്കാൻ കഴിയുന്നില്ല. | RP യുടെ സേവനം കുട്ടികൾക്ക് ലഭ്യമല്ലാത്തതുമൂലം മികവ് ലഭിക്കുന്നില്ല |

| | | |
|---|---|---|
| ആരോഗ്യം | Pre-primary മുതലുള്ള കുട്ടികളിൽ ശരിയായ പോഷകാഹാരക്കുറവ് അനുഭവപ്പെടുന്നുണ്ട്. രക്ഷിതാവിന്റെ അമിതമായ മദ്യപാനം മുഖാന്തിരം കുട്ടികളുടെ വൈകാരികവും മാനസികവുമായ പ്രശ്നങ്ങൾ | • ശരിയായ രീതിയിൽ പോഷകാഹാരലഭ്യത ഉറപ്പ് വരുത്താൻ കഴിയുന്നില്ല. സാമ്പത്തികപ്രതിസന്ധി കാരണം ചില രക്ഷിതാക്കൾ അവരുടെ വരുമാനത്തിന്റെ ഭൂരിഭാഗവും മദ്യത്തിനു ഉപയോഗിക്കുന്നു. |

# സ്കൂൾ തല പ്രവർത്തനങ്ങളുടെ ഫോർമാറ്റ്

| നമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണ മേഖല | സാമ്പത്തികം. |
|---|---|---|---|---|---|
| 1 | അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കൽ ആലോചന | 2025-26 അധ്യയന വർഷത്തെ സ്കൂൾ തല അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനെ കുറിച്ച് PTA, സ്കൂൾ വികസന സമിതി എന്നിവയുടെ നേതൃത്വത്തിൽ ആലോചനയും ചർച്ചയും. | " | പ്രധാനാധ്യാപിക SRG കൺവീനർ | |
| 2 | അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ SRG യോഗം | 2025-26 അധ്യയന വർഷത്തെ അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് മുന്നോടിയായി ഓരോ വിഷയങ്ങളിലെയും എല്ലാ മേഖലകളിലെയും അവസ്ഥാ പഠനം നടത്തൽ | 2025 മെയ് | class അധ്യാപകർ | |
| 3 | അവസ്ഥാ പഠനം | രണ്ടാം ക്ലാസ് മുതൽ 7-10 class വരെയുള്ള ഓരോരോ ക്ലാസിലെയും ഓരോ കുട്ടികളുടെയും നിലവിലെ അവസ്ഥ എന്താണെന്ന് ഓരോ അധ്യാപകരും കണ്ടെത്തുന്നു. രേഖപ്പെടുത്തുന്നു. | 2025 മെയ് | ക്ലാസ് അധ്യാപകർ | |
| 4 | അവസ്ഥാപഠനം കണ്ടെത്തലുകളുടെ ക്രോഡീകരണം. | SRG കൂടി അവസ്ഥാ പഠനത്തിലെ കണ്ടെത്തലുകൾ ക്രോഡീകരിക്കൽ | 2025 മെയ് | SRG കൺവീനർ | |
| 5 | എന്റെ വിദ്യാലയം സന്തുഷ്ട വിദ്യാലയം | എന്റെ വിദ്യാലയം സന്തുഷ്ട വിദ്യാലയം ആകുന്നതിനു വേണ്ടി പ്രീപ്രൈമറി മുതൽ ഏഴാം ക്ലാസ് വരെയുള്ള പഠന പ്രവർത്തനങ്ങൾ ആഹ്ലാദകരവും അറിവുനിർമാണത്തിലധിഷ്ഠിതവുമായിരിക്കും. ഈ വിദ്യാലയത്തിലെ ഓരോ കുട്ടിയും അവരുടെ രക്ഷിതാക്കളും വിദ്യാലയത്തിൽ നിന്നും | 2025 മെയ് | | |

| | | | |
|---|---|---|---|
| | ലഭിക്കുന്ന സേവനത്തിൽ സന്തുഷ്ടരും തൃപ്തരുമായിരിക്കണം. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു വർഷത്തെ പാഠ്യപാഠ്യേതര പ്രവർത്തനങ്ങളെ എന്റെ വിദ്യാലയം സന്തുഷ്ടവിദ്യാലയം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രഖ്യാപനം നടത്തണം. | | |
| അക്കാദമിക മാസ്റ്റർ പ്ലാൻ | 2025-26 അധ്യയന വർഷവും ഗവ. യു. പി സ്കൂൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദമായ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ. | 2025 മെയ് | SRG കൺവീനർ |
| | LP വിഭാഗം | | |
| ഭാഷ മലയാളം | കഥ, കവിത രചനാമത്സരം<br>ഓരോ ക്ലാസിലെ കുട്ടികൾക്കായി കഥ, കവിത രചനാമത്സരം നടത്തുന്നു | | S.R.G കൺവീനർ |
| ഭാഷ മലയാളം | എന്റെ പാട്ട് പുസ്തകം<br>പാഠപുസ്തകത്തിലെ കവിതകൾ കുട്ടികൾ സംഗീതത്തിന്റെ സഹായത്തോടെ ആലപിക്കുന്നു. | | ക്ലാസ് അധ്യാപിക |

| | | | |
|---|---|---|---|
| മേഖല | LP വിഭാഗം<br>പ്രവർത്തനം | | |
| ഭാഷ മലയാളം | മധുരം മലയാളം: മുഴുവൻ കുട്ടികളിലും എഴുത്തും വായനയും ഉറപ്പിച്ച് പഠനവിടവ് പരിഹരിക്കാൻ പ്രവർത്തന പാക്കേജ് തയ്യാറാക്കുന്നു. ചിത്ര കാർഡ്, വായന കാർഡ്, video ചിത്രങ്ങൾ | 2022 മെയ് | ക്ലാസ് അധ്യാപിക |
| ഭാഷ മലയാളം | സ്കൂൾതല മാഗസിൻ<br>1 മുതൽ 4 വരെയുള്ള ക്ലാസുകളിലെ ഭാഷാവ്യവഹാര രൂപങ്ങൾ പ്രയോജനപ്പെടുത്തി ശില്പശാലയും തുടർന്ന് മാഗസിൻ നിർമ്മാണവും. | " | SRG കൺവീനർ |
| ഭാഷ മലയാളം | പഠനോപകരണ നിർമ്മാണ ശില്പശാല<br>1 മുതൽ 4 വരെയുള്ള കുട്ടികൾക്ക് പ്രയോജനപ്രദമായ രീതിയിൽ വിവിധ ചിത്രകാർഡുകൾ, വായനാകാർഡുകൾ തുടങ്ങിയ പഠനോപകരണങ്ങൾ തയ്യാറാക്കുന്നു. | | ക്ലാസ് അധ്യാപകർ |
| ഭാഷ മലയാളം | വ്യവഹാരരൂപങ്ങളുടെ അവതരണം<br>കുട്ടികൾ നിർമിച്ച വിവിധ വ്യവഹാര രൂപങ്ങളുടെ അവതരണം | | S.R.G കൺവീനർ |

| | | |
|---|---|---|
| ഭാഷ | ... വായിക്കാം | |
| മലയാളം | ഓരോ ക്ലാസിലെ കുട്ടികളും അന്നന്നത്തെ പത്രം ക്ലാസിൽ വായിക്കുന്നു. | ക്ലാസ് അധ്യാപകർ |
| ഭാഷ മലയാളം | ഓരോ ക്ലാസിലെ കുട്ടികളും അസംബ്ലിയിൽ പങ്കെടുക്കലും വിവിധ പരിപാടിയിൽ പങ്കുചേരലും | ക്ലാസ് അധ്യാപകർ |
| ഭാഷ മലയാളം | അമ്മവായന<br>ഓരോ ക്ലാസിലെ കുട്ടികൾക്കും വായനക്കാർഡുകൾ കൊടുക്കുകയും അവർക്ക് അമ്മ വായിച്ചു കൊടുക്കുകയും ചെയ്യുന്നു. | ക്ലാസ് അധ്യാപകർ ~~SRG~~ രക്ഷിതാക്കൾ |
| ഭാഷ മലയാളം | 1,2 ക്ലാസുകളിൽ ലളിതമായ പുസ്തകങ്ങൾ നൽകി വായനക്കുറിപ്പുകൾ എഴുതുന്നു. | ക്ലാസ് അധ്യാപകർ |
| ഭാഷ മലയാളം | LP ക്ലാസ്സിൽ കടങ്കഥ, പഴഞ്ചൊല്ല് മത്സരം നടത്തുന്നു | ക്ലാസ് അധ്യാപകർ |
| Computer ഭാഷാകേളികൾ | ലാപ്ടോപ്പ് ഉപയോഗിച്ച് play boxലെ കളികൾ കളിക്കുന്നു. kite software ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു. | ക്ലാസ് അധ്യാപകർ |
| ഭാഷ അറബി | അറിഞ്ഞു പഠിക്കാം അറബി അക്ഷരങ്ങളുടെ ഉച്ചാരണവും എഴുത്തുശൈലിയും എന്നിവ മനസ്സിലാക്കി എഴുതാനും വായിക്കാനുമുള്ള | |

| | | | |
|---|---|---|---|
| | കഴിവ് ആർജ്ജിക്കുന്നു. | | |
| ഭാഷ അറബി | ജും അത്തുൽ മുഫ്റദാത്ത്<br>കുട്ടികൾ ഓരോ ദിവസവും 5 വീതം പുതിയ വാക്കുകൾ കണ്ടെത്തി തന്റെ ശേഖരണ പുസ്തകത്തിൽ രേഖപ്പെടുത്തി പദസമ്പത്ത് വർദ്ധിപ്പിക്കുന്നു. | | അറബി ഭാഷ അധ്യാപിക |
| ഭാഷ അറബി | നിഘണ്ടു നിർമ്മാണം<br>അക്ഷരമാല ക്രമത്തിൽ നിഘണ്ടു നിർമ്മിച്ച് ഭാഷാശേഷി നേടുന്നു. (അറബിക് ക്ലബ്) | | അറബി ഭാഷ അധ്യാപിക |
| ഭാഷ അറബി | സീറൂ walk with Arabic<br>അറബി ഭാഷയിൽ കമ്മ്യൂണിക്കേഷൻ ഫലപ്രദമാക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾ. മൊബൈലിലൂടെ തനതായ അറബി സംസാരം കേൾപ്പിക്കുക. അറബിക് അസംബ്ലി, അറബിക് ന്യൂസ് എന്നിവ പരിശീലിപ്പിക്കുന്നു. | | അറബി ഭാഷ അധ്യാപിക |
| ഭാഷ അറബി | ഒരു ദിനം ഒരറിവ്<br>കുട്ടികളിൽ പൊതു വിജ്ഞാനം വർധിപ്പിക്കുന്നതിനും അറബി ഭാഷ പ്രയോഗത്തിനുമായി ഓരോ ചോദ്യങ്ങൾ അറബിയിൽ നൽകുന്നു. കുട്ടികൾ അത് തങ്ങളുടെ ശേഖരണ പുസ്തകത്തിൽ രേഖപ്പെടുത്തുന്നു. ഓരോ മാസാവസാനവും മൂല്യനിർണയം നടത്തി സമ്മാനം നൽകി പ്രോത്സാഹിപ്പിക്കുന്നു. | | അറബി ഭാഷ അധ്യാപിക |

| | | | |
|---|---|---|---|
| ഭാഷ English | English Fest<br>English club ന്റെ നേതൃത്വത്തിൽ വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | | ക്ലാസ് അധ്യാപകർ |
| ഭാഷ English | Dictionary making<br>English club ന്റെ നേതൃത്വത്തിൽ 1 മുതൽ 4 വരെ ക്ലാസിലെ കുട്ടികൾക്ക് dictionary നിർമ്മാണം | | ക്ലാസ് അധ്യാപകർ<br>SRG കൺവീനർ |
| ഭാഷ English | All to Excellence<br>ചിത്രകാർഡുകൾ ഉപയോഗിച്ച് English Language development | | class teacher |
| ഭാഷ English | A day A word<br>ഓരോ ദിവസവും ഓരോ വാക്ക് വീതം കുട്ടികൾ പഠിക്കുന്നു- | | S.R.G കൺവീനർ<br>ക്ലാസ് അധ്യാപകർ |
| ഭാഷ English | English game<br>വിവിധതരം പസിലുകൾ ഉപയോഗപ്പെടുത്തിയും ക്രോസ് പസിലുകൾ ഉപയോഗിച്ചും English games ചെയ്യുന്നു | | SRG കൺവീനർ<br>ക്ലാസ് അധ്യാപകർ |

| | | | | |
|---|---|---|---|---|
| ഭാഷ English | Making Reading cards<br>രക്ഷിതാക്കളെയും കുട്ടികളെയും ഉൾപ്പെടുത്തി English reading Cards നിർമ്മിക്കുന്നു. | | | |
| ഭാഷ English | Discourse presentation<br>കുട്ടികൾ തയ്യാറാക്കിയ discourse ക്ലാസ്സിൽ അവതരിപ്പിക്കുന്നു. | | ക്ലാസ് അധ്യാപകർ | |
| ഭാഷ English | Theatre game<br>പാഠഭാഗവുമായി ബന്ധപ്പെട്ട കഥാപാത്രങ്ങളെ ഉൾപ്പെടുത്തി പൊതുവേദികളിൽ അവതരണം | | S.R.G കൺവീനർ | |
| ഗണിതം | രൂപങ്ങൾ നിർമ്മാണം<br>ഗണിതവുമായി ബന്ധപ്പെട്ട് വിവിധ രൂപങ്ങൾ കുട്ടികൾ നിർമ്മിക്കുന്നു. | | S.R.G കൺവീനർ | |
| ഗണിതം | പിറന്നാൾ മരം<br>ഓരോ കുട്ടികളുടെയും ജനനത്തീയതി മരത്തിൽ ഒട്ടിക്കുന്നു | | ക്ലാസ് അധ്യാപകർ | |
| ഗണിതം | ഗണിതോപകരണങ്ങളെ പരിചയപ്പെടുത്തുന്നു<br>വിവിധ ഗണിത ഉപകരണങ്ങളുടെ മാതൃകകൾ പരിചയപ്പെടുത്തുന്നു. | | ക്ലാസ് അധ്യാപകർ | |
| ഗണിതം | അറിയാം അറിഞ്ഞു പഠിക്കാം.<br>ഗണിതവുമായി ബന്ധപ്പെട്ട ശാസ്ത്രജ്ഞരെ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. | | SRG കൺവീനർ | |

| | | |
|---|---|---|
| ഗണിതം | അബാക്കസ് പരിശീലനം<br>ഈ രംഗത്ത് പരിശീലനം കിട്ടിയ അധ്യാപകരെ കൊണ്ടു വന്ന് കുട്ടികൾക്ക് പ്രത്യേക പരിശീലനം ~~കുട്ടികൾക്ക്~~ നൽകുന്നു. | S.R.G കൺവീനർ പ്രധാന അധ്യാപിക |
| ഗണിതം. | കളികളിലൂടെ പഠനം<br>വിവിധതരത്തിലുള്ള കളികളിലൂടെ ഗണിതാശയം കുട്ടികളിൽ എത്തിക്കുന്നു. | ക്ലാസ് അധ്യാപകർ |
| ഗണിതം | ഗണിത വിജയം<br>3, 4 ക്ലാസുകളിൽ ഗണിതകിറ്റിലെ സാമഗ്രികൾ ഉപയോഗിച്ച് കുട്ടികൾ കളികളിൽ ഏർപ്പെടുന്നു. | ക്ലാസ് അധ്യാപകർ |
| ഗണിതം | ഉല്ലാസഗണിതം<br>വിവിധതരം കാർഡുകൾ, കോയിൻ എന്നിവ ഉപയോഗിച്ച് കുട്ടികൾ ഗണിതം ഉല്ലാസത്തോടെ പഠിക്കുന്നു. | ക്ലാസ് അധ്യാപകർ |
| ഗണിതം | ~~ഉല്ലാസ~~ ഓരോ കുട്ടിക്കും ഗണിത കിറ്റ്<br>ഗണിതം പഠിക്കാൻ സഹായിക്കുന്ന മഞ്ചാടിക്കുരു, ഈർക്കിൽ തുടങ്ങിയവ ഉൾപ്പെടുന്ന കിറ്റ് ഓരോ കുട്ടികൾക്കും ഉണ്ടാക്കുന്നു. | ക്ലാസ് അധ്യാപിക |

| | | | |
|---|---|---|---|
| ഗണിതം. | ~~ഗണിത~~ Maths fest<br>1 മുതൽ 4 വരെയുള്ള ~~കള~~ കുട്ടികളെ പങ്കെടുപ്പിച്ച് ഗണിത club ന്റെ നേതൃത്വത്തിൽ വിവിധ മത്സരങ്ങൾ നടത്തുന്നു. | ക്ലാസ് അധ്യാപകൻ | |
| EVS | ഫീൽഡ് ട്രിപ്പ്<br>പൊതുസ്ഥാപനങ്ങളായ പോലീസ് സ്റ്റേഷൻ, ഫയർ സ്റ്റേഷൻ എന്നിവ കുട്ടികളുമായി സന്ദർശിക്കുന്നു. | H.M<br>S.R.G<br>കൺവീനർ | |
| E.V.S. | ശാസ്ത്രമൂല<br>ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | ക്ലാസ് അധ്യാപിക<br>H.M<br>S.R.G<br>കൺവീനർ | |
| E.V.S. | ഭൂപടമൊരുക്കാം.<br>ഭൂപട വായന, ഭൂപട രചന<br>സൂചിക പരിചയപ്പെടൽ<br>സൂചിക നിർമ്മാണം. | ക്ലാസ് അധ്യാപിക | |
| E.V.S. | ശാസ്ത്ര വിസ്മയ ചുമർ<br>ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | S.R.G<br>ക്ലാസ് അധ്യാപിക | |
| E.V.S | ശാസ്ത്രോത്സവം<br>ശാസ്ത്ര പഠന ഉത്പന്നങ്ങളുടെ പ്രദർശനം, പതിപ്പ് ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം എന്നിവയുടെ ഒരുക്കൽ | H.M<br>SRG<br>കൺവീനർ | |

| | | | | |
|---|---|---|---|---|
| E.V.S | ശാസ്ത്ര മാസിക<br>ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകൾ ഉൾപ്പെടുത്തിയ മാസികകളുടെ നിർമ്മാണം. | | H.M<br>S.R.G<br>കൺവീനർ | |
| E.V.S | ലഘു പരീക്ഷണങ്ങളുടെ അവതരണം<br>ഓരോ ക്ലാസ് തലത്തിലും ലഘുപരീക്ഷണങ്ങൾ അവതരിപ്പിക്കാനുള്ള അവസരം കുട്ടികൾക്ക് നൽകുന്നു. | | ക്ലാസ് അധ്യാപിക | |
| E.V.S | മഴ അളക്കൽ<br>സ്കൂൾ മുറ്റത്ത് മഴമാപിനി നിർമ്മിച്ച് മഴ അളക്കുന്നു. കുട്ടികൾ വീടുകളിലും ചെയ്യുന്നു. | | ക്ലാസ് അധ്യാപിക | |
| E.V.S | ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടൽ<br>വിവിധ ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടാനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | | S.R.G<br>കൺവീനർ | |

UP വിഭാഗം.

ക്ലാസ്: യു.പി വിഭാഗം. മലയാളം അക്കാദമിക് മാസ്റ്റർപ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വർദ്ധിപ്പിക്കാനും പഠിതാക്കളെ പ്രാപ്തരാക്കുക.<br><br>2. | **എന്റെ അവധിക്കാലം**<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (സംഭാഷണങ്ങൾ തയ്യാറാക്കൽ, കുറിപ്പുകളൊരുക്കൽ) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **പദങ്ങളിൽ നിന്നും വാക്യങ്ങളിലേക്ക്**<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2. പഠിതാവിൽ അന്തർലീനമായിട്ടുള്ള വാസന കണ്ടെത്തി വളർത്തുക. | പത്രം പഠിതാക്കൾ വായിക്കുകയും പ്രതികരണങ്ങൾ എഴുതുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ. | |

* മേഖല യു.പി ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| | ദിനപത്രത്തിലെ പ്രധാന സംഭവങ്ങൾ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| 3. സർഗ്ഗാത്മക ശേഷി വളർത്തൽ | മുഴുവൻ പഠിതാക്കളുടെയും സർഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് പതിപ്പുകൾ തയ്യാറാക്കൽ. | ആവശ്യാനുസരണം | മലയാളം ക്ലബ്ബ് | |
| 4. പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | <u>രംഗാവിഷ്കാരം</u><br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | അക്കാദമിക് വർഷം | മലയാളം ക്ലബ്ബ് | |

# Academic Master Plan

UP: English ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ശരിയായി English കേൾക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | * E-Cube English Language Lab platform — ഇംഗ്ലീഷ് stories, Poems തുടങ്ങിയവ കുട്ടികളെ കേൾപ്പിക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | Nil |
| | * ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം. ഇംഗ്ലീഷ് ക്ലാസിൽ ഇംഗ്ലീഷിലുള്ള ചോദ്യങ്ങൾ ചോദിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | * Breaking News: whatsapp group-ലൂടെ ഇംഗ്ലീഷ് വാർത്തകൾ-audio അയച്ച് കൊടുത്ത്, ശരിയായ ഉച്ചാരണം കേൾക്കുവാൻ അവസരം നൽകുന്നു. | June | ഇംഗ്ലീഷ് അധ്യാപകർ | English club |
| | * Simple games : English [illegible] ചെറിയ game-കൾ നൽകുകയും instructions English-ൽ പൂർണ്ണമായും നൽകുകയും ചെയ്ത് കൊണ്ട് English Language-നോടുള്ള താൽപര്യം വർദ്ധിപ്പിക്കുന്നു. | August | ഇംഗ്ലീഷ് അധ്യാപകർ | Nil |

| | | | | |
|---|---|---|---|---|
| 2. ഭാഷാതല വായന പരിശീലിപ്പിക്കുന്നു. | Reader of the month : ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. reader of the month നെ ആദരിക്കുന്നു. | June | English Teacher | N.1 |
| | English Books from Library: Library-പിരീഡിൽ ഇംഗ്ലീഷ് short stories വായിക്കാൻ അവസരം നൽകുന്നു. | June | English Teacher/ class teacher | |
| | One man show- ആശയം നൽകി ഇംഗ്ലീഷിൽ സംസാരിക്കുന്നതിന് അവസരം ഒരുക്കുന്നു. | september | English Teacher | |
| | English Assembly - മാസത്തിൽ ഒരിക്കൽ English assembly നടത്തുന്നു. | once in a month | English club. | |
| | Special day celebration : ഓരോ മാസത്തിലെയും important days-നെ പറ്റി ഉള്ള വിവരണം ക്ലാസ് റൂമിൽ അവതരിപ്പിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു | Every month | English teacher/ class Teacher | |

| | | | | |
|---|---|---|---|---|
| 3) തെറ്റുകൂടാതെ ഇംഗ്ലീഷ് എഴുതുവാൻ പ്രാപ്തരാക്കുന്നു. | Poster making: ~~Posters~~ സ്കൂളിലേക്കാവശ്യമുള്ള Posters, Notice - തുടങ്ങിയവ കുട്ടികളോട് എഴുതാൻ ആവശ്യപ്പെടുന്നു | July January | English teacher | Nil |
| | കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, സ്കൂൾ മാഗസിൻ തുടങ്ങിയവ നിർമ്മിക്കുന്നു. | January | English club | " |
| | Story writting competion: ഒരു Theme നൽകി അല്ലെങ്കിൽ Picture നൽകി അതിനെ base ചെയ്ത് story എഴുതാൻ കുട്ടികളോട് ആവശ്യപ്പെടുന്നു. | June | English teacher | " |
| | Poem writting: Theme നൽകി Poem എഴുതാൻ ആവശ്യപ്പെടുന്നു. ഈ പ്രവർത്തനത്തിലൂടെ കുട്ടികളിലെ സർഗ്ഗവാസനകൾ കണ്ടെത്താൻ സഹായിക്കുന്നു. | Seplember | English teacher | " |
| | Speech writting: important days-ന് ആവശ്യമുള്ള speech കുട്ടികളോട് ആവശ്യപ്പെടുന്നു. | October | English teacher | " |

| | | | |
|---|---|---|---|
| (4) ഇംഗ്ലീഷ് ഭാഷയോടു-ള്ള ആത്മ-വിശ്വാസം ഉയർത്തുന്നു | * കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | December | English Teacher |
| | * അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത് ആറിന് Role play, നാടകം എന്നിവ ഏഴാം ക്ലാസിന് കവിതയുടെ (പ്രസംഗം എന്നിവ | January | class Teacher |
| | * 5, 6, 7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യ-മാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ സ്കൂളിൽ അവസരം നൽകുന്നു. | February | English teacher |

വിഷയം: ഹിന്ദി

# അക്കാദമിക മാസ്റ്റർ പ്ലാൻ
## ഹിന്ദി

| Sl No. | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | അക്ഷര - ചിഹ്ന ബോധം ഉറപ്പിക്കൽ | • ബേസിക് ടെസ്റ്റ് (6, 7 ക്ലാസ്)<br>• പാഠങ്ങളിൽ നിന്ന് അക്ഷരങ്ങളെ തിരിച്ചറിയാൻ പ്രേരിപ്പിക്കൽ<br>• പാഠങ്ങളിൽ നിന്നും നിശ്ചിത ചിഹ്നം മനസ്സിലാക്കൽ<br>• അതാതു ക്ലാസുകാരുടെ എഴുത്ത് നന്നാക്കാൻ കോപ്പി എഴുതിപ്പിക്കൽ | ജൂൺ - സെപ്റ്റംബർ | ഹിന്ദി അധ്യാപകർ | |
| 2 | പദസമ്പത്ത് വർധിപ്പിക്കൽ | • സുപ്രധാന പദങ്ങൾ ആഴ്ചയിൽ 3 ദിവസങ്ങളിലായി നൽകുക.<br>• ഹിന്ദി ഡിക്ഷ്ണറി നിർമിക്കുക.<br>• പദ നിർമാണ മത്സരം സംഘടിപ്പിക്കൽ (അക്ഷരങ്ങൾ കട്ടിയിൽ നൽകിക്കൊണ്ട്) | ജൂൺ - ഫെ(ബ്രുവരി) | ഹിന്ദി അധ്യാപകർ | |
| 3 | ഹിന്ദി വായന<br>ഹിന്ദി ദിനാചരണം | • വായനോത്സവം സംഘടിപ്പിക്കുക<br>• ഹിന്ദി ചിത്രകഥകൾ കേൾപ്പിക്കുക<br>• ഹിന്ദി പ്രോഗ്രാം | ജൂൺ - ഫെ(ബ്രുവരി) | ഹിന്ദി അധ്യാപകർ | 2000/- |
| 4 | ഹിന്ദി സംഭാഷണശേഷി | • ഹിന്ദിക്കാരായ വിവിധ ക്ലാസുകളിലെ വിദ്യാർഥികളെ ഉപയോഗപ്പെടുത്തി സംഭാഷണം കേൾപ്പിക്കുകയും കുട്ടികളെ പരിശീലിപ്പിക്കുകയും ചെയ്യുക.<br>• Assembly നടത്തുക | ജൂലൈ - ഫെബ്രുവരി | ഹിന്ദി അധ്യാപകർ | |

സാമൂഹ്യശാസ്ത്രം സാമൂഹ്യ ശാസ്ത്രം. U.P

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഉറപ്പിക്കൽ | ഓർമ്മച്ചെപ്പ്.<br>ഭൗതിക ലോകം മുതൽ ജില്ലാതലം വരെയുള്ള നദികൾ തലസ്ഥാനങ്ങൾ തുടങ്ങിയ വിവരങ്ങൾ ICT സാധ്യതയുപയോഗിച്ച് ഓർമ്മ പരിശീലനം നടത്തുന്നു. | അധ്യയന വർഷാരംഭം ജൂൺ. | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| പഠിതാക്കളെ ചരിത്രബോധമുള്ളവരാക്കുക. | Virtual field Trip.<br>ICT സാധ്യതകളുപയോഗിച്ചുകൊണ്ട് കേരളത്തിലെ പ്രധാന ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ ചിത്ര പ്രദർശനം | ജൂൺ | സാമൂഹ്യ- ശാസ്ത്രാധ്യാപകൻ | |
| പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ പ്രാപ്തരാക്കുക | പ്രകൃതി ദുരന്തങ്ങൾ<br>കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ഭീതിജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ തീവ്രതയെക്കുറിച്ച് മനസ്സിലാക്കുകയും Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ പ്രാപ്തരാക്കുകയും ചെയ്യുന്നു | ജൂലൈ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| സഹജീവികളോട് സഹാനു | പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥി | | | |

| | | | | |
|---|---|---|---|---|
| വിദ്യാർത്ഥികളെ [illegible] സഹായിക്കുന്നു. | മാർക്ക് നേടാൻ കഴിയുന്ന സഹായം ചെയ്യാൻ അവസരം നൽകുന്നു. വിദ്യാലയത്തിന്റെ ഭാഗമായി കുട്ടികൾ ശേഖരിച്ച സാധനങ്ങൾ മറ്റു സമീപപ്രദേശങ്ങളിൽ വിതരണം ചെയ്യുന്നു | സെപ്റ്റംബർ | സാമൂഹ്യ അധ്യാപകർ | |
| വിവരസാങ്കേതികവിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും കുറ്റകൃത്യങ്ങളെക്കുറിച്ചും റോഡ് നിയമങ്ങളെക്കുറിച്ചും ബോധവാന്മാരാക്കുന്നതിന്. | സോഷ്യൽ സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷാ ഉദ്യോഗസ്ഥരുടെയും ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്കും രക്ഷിതാക്കൾക്കും റോഡ് സുരക്ഷ, സൈബർ കുറ്റകൃത്യം എന്നീ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു. | ഒക്ടോബർ | പ്രധാനാധ്യാപിക | |
| [illegible] | ഫീൽഡ് ട്രിപ്പ്. രാജ്യത്തിന്റെ [illegible] നശിക്കുന്ന കാവുകൾ, തണ്ണീർത്തടങ്ങൾ, വയലുകൾ, കാടുകൾ എന്നിവ സന്ദർശിക്കുന്നു. | നവംബർ | പ്രധാനാധ്യാപിക സാമൂഹ്യ ശാസ്ത്രാധ്യാപിക. | |
| [illegible] | ഉപയോഗ ശൂന്യമായ പഴയകാല ഉപകരണങ്ങൾ കുട്ടികൾക്ക് പരിചയപ്പെടുത്തുക | ജനുവരി [illegible] | അധ്യാപകർ PTA [illegible] | 10000 Rs. |

സയൻസ്

# ACADI MIC MASTER PLAN
## SCIENCE

UP

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | കുളം, പുഴ, വനം, പുൽമേട് തുടങ്ങി നമ്മുടെ പരിസരപ്രദേശത്ത് കാണുന്ന ആവാസ വ്യവസ്ഥകൾ നിരീക്ഷിക്കുകയും അവയിലെ ആഹാര ശൃംഖലാ ജാലവും ചിത്രീകരിക്കാൻ കഴിയുക. അത് അസൈൻമെന്റ് ആക്കി പ്രകാശനം ചെയ്യുക. | ജൂൺ | സയൻസ് ടീച്ചർ | |
| | ~~Food for Health Specials~~ | | ജൂൺ | | |
| 2 | സയൻസിനോട് താൽപര്യം ജനിപ്പിക്കാനും, തല്പരരായ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി | സയൻസ് ക്ലബ്ബ് രൂപീകരണം | ജൂൺ | സയൻസ് ടീച്ചർ<br>SRG കൺവീനർ<br>H.M | |
| 3 | സ്കൂൾ വളപ്പിലെ സസ്യങ്ങളെ [illegible] | സ്കൂൾ വളപ്പിലെ സസ്യങ്ങളിൽ ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിംഗ് എന്നിവ ചെയ്ത് പരിശീലനം | ജൂൺ | സയൻസ് ടീച്ചർ<br>H M | |

| | | | | | |
|---|---|---|---|---|---|
| | ആത്മവിശ്വാസം വളർ-ത്തുന്നതിന് | നേടുക. | | | |
| 4 | രക്തദാനം- മഹാദാനം പ്രാധാന്യം തിരിച്ചറി യുവാൻ. | രക്തദാനത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നതിനു വേണ്ടി ബോധവൽക്കരണ ക്ലാസ്സും പോസ്റ്റർ നിർമ്മാണവും | ജൂൺ | സയൻസ് ക്ലബ്ബ് ഹെൽത്ത് ക്ലബ്ബ് | 100 |
| 5 | ശാസ്ത്രാഭിരുചി പുതിയ അറിവുകൾ നേടുക. | <u>ശാസ്ത്ര വിസ്മയ ചുമർ</u> ശാസ്ത്രപരമായ പുതിയ അറിവുകൾ പത്രകട്ടിംഗുകൾ എന്നിവ ശാസ്ത്ര ചുമരിൽ പതിപ്പിക്കുക. | ജൂലൈ | ക്ലാസ് ടീച്ചർ സയൻസ് ടീച്ചർ. | 100 |
| 6 | ശാസ്ത്രീയ മനോഭാവം വളർത്തുന്നു. | <u>പരീക്ഷണ കളരി</u> നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി സ്വന്തമായി ലഘു-പരീക്ഷണങ്ങളിലൂടെ ശാസ്ത്ര-ക്ലാസ്സുകൾ അവതരിപ്പിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മി-ക്കുക, പരീക്ഷണ കുറിപ്പുകൾ | ജൂൺ മുതൽ ഫെബ്രുവരി വരെ | സയൻസ് ടീച്ചർ. | 1000 |

| | | | | |
|---|---|---|---|---|
| | | ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു. | | |
| 7 | പകർച്ചവ്യാധികളെ തടയാനും കൊതുക് വർദ്ധിക്കുന്നത് തടയാനും | എല്ലാ വെള്ളിയാഴ്ചതോറും ഡ്രൈ ഡേ ആചരിക്കുക. | ജൂൺ മുതൽ മാർച്ച് വരെ. | HM SRG കൺവീനർ ക്ലാസ് ടീച്ചർ |
| 8 | ഇലകളിലെ സിരാവിന്യാസത്തെക്കുറിച്ചുള്ള അറിവ് നേടുക. | കഴിയുന്നത്ര ഇലകൾ ശേഖരിച്ച് ജാലിക സിരാവിന്യാസം, സമാന്തര സിരാവിന്യാസം എന്നിവയുടെ ഹെർബേറിയം തയ്യാറാക്കൽ [illegible] | ആഗസ്റ്റ് | സയൻസ് ടീച്ചർ |
| ~~9~~ | ~~[illegible]~~ [illegible] | | | |
| 9 | പ്രതിരോധ വാക്സിനുകളെക്കുറിച്ചുള്ള ധാരണ രൂപപ്പെടുക. | ഓരോ കുട്ടിയും പ്രതിരോധ വാക്സിനുകളുടെ Chart നിർമ്മിക്കുക | സെപ്തംബർ | Health Club സയൻസ് ടീച്ചർ. |
| 10 | ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോ- | ശാസ്ത്രോത്സവം ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ | ഒക്ടോബർ | |

| | | | | | | |
|---|---|---|---|---|---|---|
| | പരീക്ഷണങ്ങൾ ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | പരീക്ഷണങ്ങൾ ഉൾപ്പെടുന്ന സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | | | | |
| 11 | ജീവിതശൈലീ രോഗങ്ങൾ വരാതിരിക്കാനുള്ള മുൻകരുതൽ എടുക്കുക. | ജീവിതശൈലീ രോഗങ്ങളെ കുറിച്ചുള്ള ഒരു സെമിനാർ നടത്തുക. | നവംബർ | Science club<br>Health club | | |
| 12 | പ്രകൃതിയോട് ഇണങ്ങുന്ന ആവാസ വ്യവസ്ഥകൾ പരിചയപ്പെടാനും കഴിയുക | കുളം, കാവ് എന്നീ ആവാസ വ്യവസ്ഥകൾ കണ്ടറിയാൻ ഫീൽഡ് ട്രിപ്പ് നടത്തുക. | ജനുവരി | | | |
| 13 | ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടാൻ കഴിയുന്നു. | CV Raman, Issac Newton തുടങ്ങിയ ശാസ്ത്രജ്ഞന്മാരുടെ Profile നിർമ്മിക്കുക. | ഫെബ്രുവരി | Science Teacher | | |

# ആരോഗ്യ - കായികം

| Sl.No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിനിയോഗം |
|---|---|---|---|---|---|
| 1 | കുട്ടികളുടെ ആരോഗ്യനിലവാരം നിർണയിക്കൽ | കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിനായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കൽ . ഡോക്ടറുടെ സേവനം ലഭ്യമാക്കൽ | ജൂൺ - മാർച്ച് | കായിക അധ്യാപിക | |
| 2 | കായിക മികവ് വളർത്തൽ | കായിക അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തുന്നതിനായി മത്സരങ്ങൾ സംഘടിപ്പിച്ച് കുട്ടികളെ സെലക്ട് ചെയ്യൽ | ജൂൺ ജൂലൈ | കായികാധ്യാപിക | |
| 3 | കായിക - മാനസിക വളർച്ച | കുട്ടികൾക്ക് ഫുട്ബോൾ പരിശീലനം നൽകൽ | ആഗസ്റ്റ് | കായിക അധ്യാപിക. | |
| | | ചെസ്സ്, ക്യാരംസ്, Ludo , ഷട്ടിൽ ബാറ്റ് എന്നീ കളികളിലൂടെ മാനസിക ആരോഗ്യ വളർച്ച | ജൂൺ മാർച്ച് | ക്ലാസ് ടീച്ചർ | |
| 4. | സ്പോർട്സ് കിറ്റ് | സ്പോർട്സ് ദിനാചരണം ആചരിക്കുകയും അതിന്റെ ഭാഗമായി സ്പോർട്സ് കിറ്റ് സംഘടിപ്പിക്കുക . | ആഗസ്റ്റ് | കായിക അധ്യാപിക | |
| 5 | ആഹാരശീലങ്ങൾ | നല്ല ആഹാരശീലങ്ങൾ എന്നിവയെ കുറിച്ചുള്ള സെമിനാർ | ജനുവരി | ക്ലാസ് ടീച്ചർ | |

# ~~കലാവിദ്യാഭ്യാസം~~ കലാ വിദ്യാഭ്യാസം

| Sl No | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | കലയിലെ മികവ് കണ്ടെത്തി പരിശീലനം നൽകൽ | വിദ്യാലയത്തിൽ കലയോട് താല്പര്യം ഉള്ള കുട്ടികളെ കണ്ടെത്തി കലാ പരിശീലനം | ജൂൺ | ക്ലാസ് ടീച്ചർ | |
| 2. | ചിത്രരചന മെച്ചപ്പെടുത്തൽ | ക്യാൻവാസിൽ ചിത്രം വരച്ച് പരിശീലനം | ജൂലൈ | ക്ലാസ് ടീച്ചർ | |
| 3. | കളിപ്പാട്ട് പരിചയപ്പെടുത്തൽ | ഗ്രൂപ്പ് തിരിഞ്ഞ് കളിപ്പാട്ട് പാടി പരിചയം ഉറപ്പിക്കുന്നു. | ഓഗസ്റ്റ് | ക്ലാസ് ടീച്ചർ | |
| 4. | നിറക്കൂട്ട് നിർമ്മാണം | ചിത്രം നൽകി നിറക്കൂട്ട് ഉണ്ടാക്കൽ | നവംബർ | ക്ലാസ് ടീച്ചർ | |
| 5. | ശില്പ നിർമ്മാണം | കളിമണ്ണ് ഉപയോഗിച്ച് കുട്ടികൾ ശില്പം നിർമ്മിക്കുന്നു. | ജനുവരി | ക്ലാസ് ടീച്ചർ | |
| 6. | അനുഭവം ആസ്വാദനം. | കർണാടക സംഗീതക്കച്ചേരിയിൽ ഉപയോഗിക്കുന്ന വാദ്യോപകരണങ്ങളുടെ ചിത്രങ്ങൾ ശേഖരിച്ച് അനുഭവം ആസ്വദിക്കുന്നു. | ഫെബ്രുവരി | ക്ലാസ് ടീച്ചർ | |